**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3133** **14-02-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ ടാങ്കുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷന്റേതടക്കം വിവിധ കുടിവെള്ള പദ്ധതികൾക്ക് വിശാലമായ ജലസംഭരണികൾ നിർമ്മിക്കുമ്പോൾ ഇവ സമയബന്ധിതമായി വൃത്തിയാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ നിർമ്മിച്ചിട്ടുള്ളതും ഉപയോഗത്തിലുള്ളതുമായ ജലസംഭരണികൾ കൃത്യമായ ഇടവേളകളിലും, അത്യാവശ്യ സാഹചര്യങ്ങളിലും സമയബന്ധിതമായി വൃത്തിയാക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ട്.<br><br>ജലവിതരണ ശൃംഖലകളുടെ മെയിന്റനൻസിന് ഏർപ്പെടുത്തിയിട്ടുള്ള റണ്ണിംഗ് കോൺട്രാക്ടറുടെ സേവനം ഉപയോഗപ്പെടുത്തി എല്ലാ വർഷവും നിശ്ചിത സമയങ്ങളിൽ വൃത്തിയാക്കുന്ന സംവിധാനം ആണ് നിലവിലുള്ളത്. റണ്ണിംഗ് കോൺട്രാക്ടർ നിലവിലില്ലാത്ത പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റി സ്വന്തം സംവിധാനം ഉപയോഗിച്ചോ താല്ക്കാലിക കരാർ ജീവനക്കാരെ ഉപയോഗിച്ചോ ടി പ്രവർത്തനം പൂർത്തീകരിക്കുന്നു. |
| (ബി) | ഇത്തരം ടാങ്കുകളിലേക്ക് ജീവനക്കാരല്ലാത്തവരും സാമൂഹ്യ വിരുദ്ധരും പ്രവേശിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; ഇതിനു വേണ്ടി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുമോ; വിശദമാക്കുമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള മുഴുവൻ ടാങ്കുകളുടെയും സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടില്ല. ജല ശുദ്ധീകരണ ശാലകളിലും ഓഫീസുകളുടെ പരിസരത്തും പ്രവർത്തിക്കുന്ന സംഭരണികളിൽ ജീവനക്കാരുടെ സാന്നിധ്യം നിലവിൽ ഉണ്ട്. മറ്റ് സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന സംഭരണികളിൽ വാൽവ് ഓപ്പറേറ്റർമാരുടെ സാന്നിധ്യം പരമാവധി ഉറപ്പാക്കി ജീവനക്കാരല്ലാത്തവരും സാമൂഹ്യ വിരുദ്ധരും പ്രവേശിക്കുന്നത് പരമാവധി തടയാൻ ശ്രമിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കോമ്പൗണ്ട് വാൾ, സി.സി.ടി.വി. ക്യാമറ എന്നിവ ഏർപ്പാടാക്കി വരുന്നു. അതിക്രമിച്ച് കയറാതിരിക്കാൻ മുന്നറിയിപ്പ് ബോർഡും ടാങ്ക് കോമ്പൗണ്ടിൽ സ്ഥാപിക്കാറുണ്ട്. ഇതും ലംഘിച്ച് അതിക്രമിച്ച് കയറിയാൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ